**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail: vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി.16.01.2026

## ഓപ്പറേഷൻ "ഷോർട്ട് സർക്യൂട്ട്" :- കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നടന്നു വരുന്ന അഴിമതിയും ക്രമക്കേടുകളും കണ്ടെത്തുന്നതിനായി വിജിലൻസിന്റെ സംസ്ഥാനതല മിന്നൽ പരിശോധന.

കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്ന കരാർ പ്രവർത്തികളുടെ ടെൻഡർ അനുവദിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഒത്താശയോട് കൂടി വ്യാപക ക്രമക്കേടുകളും അഴിമതിയും സ്വജനപക്ഷപാതവും നടന്നു വരുന്നതായും, കരാറുകാരിൽ നിന്നും കമ്മീഷൻ ഇനത്തിൽ കൈക്കൂലി പണം കൈപ്പറ്റുന്ന ചില ഉദ്യോഗസ്ഥർ കരാർ പ്രവർത്തികളിൽ വേണ്ട വിധത്തിലുള്ള പരിശോധന നടത്താതെ ബിൽ മാറി പണം അനുവദിക്കുന്നതായും വിജിലൻസിന് വിവരം ലഭിച്ചിരുന്നു. ഉപഭോക്താക്കളുടെ എനർജി ഉപഭോഗം കണക്കാക്കുന്നതിനുള്ള മീറ്റർ റീഡിംഗിൽ കൃത്രിമം നടത്തി അനധികൃത കിഴിവുകൾ നൽകുന്നതായും, ഇത് കണ്ടെത്താതിരിക്കുന്നതിന് എനർജി മീറ്ററുകൾ തകരാറിലാക്കുകയോ, തകരാറായതായി കാണിച്ച് മാറ്റി സ്ഥാപിക്കുന്നതായും ഇത് കാരണം ബോർഡിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായും വിജിലൻസിന് വിവരം ലഭിച്ചിരുന്നു. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി-യിൽ നടക്കുന്ന അഴിമതിയും ക്രമക്കേടുകളും കണ്ടെത്തുന്നതിനായി വിജിലൻസ് ഡയറക്ടർ **മനോജ് എബ്രഹാം ഐ.പി.എസ്** ന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുത്ത **70** ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ഇന്ന് (16.01.2026) രാവിലെ 10.30 മണി മുതൽ **"ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട്"** എന്ന പേരിൽ സംസ്ഥാന തലത്തിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തി വരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പറിലോ, വാട്ട്സ്ആപ്പ് നമ്പറായ 9447789100 എന്ന നമ്പറിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.